ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അങ്ങനെ കൃത്യമായി പറയാൻ ഒരു ജോൽസ്യനുപോലും വയ്യ.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : ടി. ടി. സി. കോഴ്സിലേക്കുള്ള അഡ്മിഷന്റെ സംഖ്യ കുറച്ചതിന്റെ ഫലമായി അതിനുള്ള ടെയിനിംഗ് സ്കൂളിലെ അദ്ധ്യാപകന്മാക്ക് ജോലി നഷ്ടപ്പെടാൻ ഇടയുണ്ടെന്നറിയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ജോലി നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. ഇതു മറ്റൊരു പ്രശ്നമായതുകൊണ്ട് വേറെ നിലയിൽ പരിശോധിക്കാം.

ശ്രീ. എൻ. കെ. ശേഷൻ : ടി. ടി. സി. കോഴ്സിന്റെ അഡ്മിഷൻ കുറവു ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രൈവറ്റു സ്ഥാപനങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള കോട്ടായിൽ കുറവു വരുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : പ്രൈവറ്റു മാനേജുമെന്റിനു് ശതമാനകണക്കിനാണു് കോട്ടാ അനുവദിച്ചുകൊടുത്തതു്. ആ നിലക്കു് സ്വാഭാവികമായി കുറവുവരുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

മാസ്സി–ഫെർഗ്രസൺ ട്രാക്ടറുകൾ

* 179. [633] ശ്രീ. എൻ. കെ. ശേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്കാക്കു് മാസ്സി–ഫെർഗ്രസൺ ട്രാക്ടറുകൾ കിട്ടുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിലയുടെ നാലിലൊന്നടച്ചിട്ടും മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്ന കൃഷിക്കാരുടെ താൽപ്പര്യത്തെ മുൻനിറുത്തി ട്രാക്ടറുകൾ വേഗം സപ്ലൈ ചെയ്യാനാവശ്യമായ നിർദ്ദേശങ്ങൾ സപ്ലൈചെയ്യുന്ന കമ്പനിക്കു് അടിയന്തിരമായി നൽകുമോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ):

(എ) ഉണ്ടു്. കേരളത്തിൽ ഇവ വിതരണം ചെയ്യുന്നതു് മെസേഴ്സ് സ്റ്റെയിൻസ് മോട്ടോഴ്സ്, സൗത്തു് ഇൻഡ്യ (ലിമിറ്റഡ്), കോയമ്പത്തൂർ ആണു്. ഇവ ആവശ്യത്തിനു് വേണ്ടത്ര ലഭിക്കാത്തതുകൊണ്ടാണു് ഇവിടെയുള്ള കൃഷിക്കാക്കു് കിട്ടാൻ കാലതാമസം നേരിടുന്നതു്. ഇവ നിർമ്മിക്കുന്ന കമ്പനിയുടെ ഉൽപാദന കഴിവു് കുറവായതുകൊണ്ടാണു് ഇങ്ങനെ സംഭവിക്കുന്നതെന്നാണു് മനസിലാക്കുന്നതു്.

(ബി) കൂടുതൽ ട്രാക്ടറുകൾ കേരളത്തിലേക്കു് അലോട്ടുചെയ്യുവാൻ നിർമ്മാതാക്കളോടു് അഗ്രോ–ഇൻഡസ്ട്രീസ് കോർപ്പറേഷൻ ആവശ്യപ്പെടുന്നതാണു്.

ശ്രീ. എൻ. കെ. ശേഷൻ : ട്രാക്ടറിനു് പണമടച്ചിട്ടു് എട്ടൊൻപതു് മാസമായിട്ടും ട്രാക്ടർ കിട്ടാത്ത കൃഷിക്കാർ നമ്മുടെ സ്റ്റോറിൽ ഉള്ളതുകൊണ്ടു് ഗവണ്മെൻറിൽനിന്നും നേരിട്ടു സപ്ലൈ ചെയ്യുന്നതിനുള്ള നിർബന്ധമോ, നിബന്ധനയോ മറ്റേതെങ്കിലും നടപടികളോ എടുക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഈ വസ്തുത വീണ്ടും സ്റ്റെയിൻസ് കമ്പനിക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രമിക്കുന്നതാണു്.

ശ്രീ. എൻ. കെ. ശേഷൻ : ഈ കമ്പനിക്കാരുടെ കൈയിൽനിന്നും സമയത്തിനു് കൃഷിക്കാക്കു് ട്രാക്ടർ കിട്ടുന്നതിനു് വളരെയധികം പ്രയാസമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് മറ്റു വഴിക്ക് വിററഴിക്കാൻ സൗകര്യമുള്ളതുകൊണ്ടാണ് നമുക്ക് സമയത്തിന് കിട്ടാത്തതെന്നുള്ള പരാതി ഉള്ളതുകൊണ്ട് ഇതിൽ ഗവണ്മെൻറ് പങ്കാളി ആണെന്നുള്ള നിലയിൽ പ്രയോറിട്ടി അടിസ്ഥാനത്തിൽ സപ്ലൈ ചെയ്യാനുള്ള നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇപ്പോഴും പ്രയോറിട്ടി അനുസരിച്ചു തന്നെയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. പിന്നെ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം സാധനം കുറച്ചു മാത്രമേ ലഭിക്കുന്നുള്ളുയെന്നുള്ളതുകൊണ്ടാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻവഴി എത്ര ട്രാക്ടറുകൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ടെന്നും, അങ്ങനെ വിതരണം ചെയ്തതുമൂലം എത്ര കർഷകത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്നും പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇതിന് പ്രത്യേകം ഒരു ചോദ്യം വേണ്ടതാണ്. എങ്കിലും എന്റെ അറിവിൽനിന്നും ഞാൻ പറയാം. പതിനഞ്ചോ പതിനാറോ ട്രാക്ടറുകളാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. ട്രാക്ടറുകൾ വിതരണം ചെയ്തതുകൊണ്ട് വളരെയധികം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുള്ളതായി ഗവണ്മെൻറിനു അറിവില്ല. ട്രാക്ടറുകൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതുകൊണ്ട് ഒരു പൂവ് കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ രണ്ടു പൂവ് കൃഷി ചെയ്യാൻ സാധിക്കും. അതിന്റെ ഫലമായി കർഷകതൊഴിലാളികൾക്ക് കൂടുതൽ തൊഴിൽസാദ്ധ്യതയുണ്ടാകുന്നുവെന്നാണ് മനസിലാക്കിയിട്ടുള്ളത്.

ശ്രീ. കെ. എം. മാണി : ട്രാക്ടർ തക്കസമയത്തുതന്നെ ലഭിക്കുന്നതിനുവേണ്ടി അതിന്റെ നാലിലൊന്ന് തുക അടച്ചിട്ട് വളരെക്കാലമായി അത് കിട്ടാതെ കാത്തിരിക്കുന്ന കർഷകർ വളരെ നിരാശയോടുകൂടി ആ പണമെങ്കിലും തിരിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ? അങ്ങനെ പണം തിരിച്ചുകൊടുക്കുകയാണെങ്കിൽ അവർക്ക് ആ പണത്തിന്റെ ഇതുവരെയുള്ള പലിശകൂടി കൊടുക്കാൻ തയാറാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഈ ചോദ്യം സ്റ്റെയിൻസ് കമ്പനിക്കാർ ഏജൻറായ ഫെർഗ്യൂസൺ ട്രാക്ടറുകളെ സംബന്ധിച്ചാണ്. ആ ട്രാക്ടറുകൾക്ക് വേണ്ടിയാണ് നാലിലൊന്ന് തുക അടച്ചിട്ടുള്ളത്. ഇതും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായിട്ട് യാതൊരു ബന്ധവുമില്ല.

(iii) Unstarred Questions and Answers

എയിഡഡ് സ്കൂളുകളിലെ നോൺടീച്ചിംഗ് സ്റ്റാഫ്

46. [733] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയിഡഡ് സ്കൂളുകളിലെ നോൺടീച്ചിംഗ് സ്റ്റാഫിന്റെ അവശതകളകറ്റുന്ന മെമ്മോറാണ്ടം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിച്ചു കൊടുക്കുവാൻ തയാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19-8-1969-ലെ 474-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly